

ഇസ്രായേൽ പ്രധാനമന്ത്രി
ബെന്യമിൻ നെതന്യാഹു

# ഇസ്രായേലിനെ വിഭജിക്കില്ല: നെതന്യാഹു

**ജിബി വർഗീസ് മീനടം**

ജറുസലേം: സമാധാനശ്രമങ്ങളുടെ മറവില് ജറുസലേമിനെ വിഭജിച്ച് പലസ്തീന് നല്കാനുള്ള നടപടി യാതൊരുകാരണവശാലും അനുവദിക്കില്ലെന്ന് ഇസ്രായേല് പ്രധാനമന്ത്രി ബെന്യമിന് നെതന്യാഹു വ്യക്തമാക്കി. ഇസ്രായേല് പലസ്തീന് സമാധാനചര്ച്ചകള് ഫലം കാണണമെങ്കില് ജറുസലേമിനെ ഇരുകുട്ടര്ക്കുമായി വിഭജിച്ച് നല്കണമെന്ന ഇസ്രായേല് പ്രതിരോധമന്ത്രി യെഹൂദ് ബാറാക്കിന്റെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു പ്രധാനമന്ത്രി നെതന്യാഹു.

അമേരിക്കയുടെ മധ്യസ്ഥതയില് ആഴ്ച്ചകള്ക്ക് മുന്പ് ആരംഭിച്ച് നിലവില് അനിശ്ചിതത്വത്തില് തുടരുന്ന ഇസ്രായേല് പലസ്തീന് സമാധാനചര്ച്ചകള്ക്കിടയില് അമേരിക്കന് സമ്മര്ദം മൂലം ജെറുസലേമിനേ വിഭജിച്ച് ഒരുഭാഗം പലസ്തീന് നല്കികൊണ്ടുള്ള വിട്ടുവിഴ്ച്ചയ്ക്ക് ഇസ്രായേല് പ്രധാനമന്ത്രി തയ്യാറായേക്കുമെന്ന് ചര്ച്ചകളുടെ തുടക്കത്തില് മാധ്യമറിപ്പോര്ട്ടുകളും ഉണ്ടായിരുന്നു. ജെറുസലേമിനെ വിഭജിച്ചുകൊണ്ടുള്ള സമാധാനശ്രമങ്ങള്ക്ക് താനില്ലെന്ന് പ്രധാനമന്ത്രി നെതന്യാഹു നയം വ്യക്തമാക്കിയതോട് കൂടി മേല്പറഞ്ഞ റിപ്പോര്ട്ടുകള്ക്ക് നിലവില് അടിസ്ഥാനമില്ലാതായി.

കിഴക്കന് ജെറുസലേമില് യഹൂദരും , മുസ്ലിങ്ങളും, ക്രൈസ്തവരും ഒരുപോലെ പുണ്യസ്ഥലങ്ങളെന്ന് കരുതുന്ന പ്രദേശങ്ങളുടെ അവകാശവാദത്തെ ചൊല്ലിയാണ് ഇരുകൂട്ടരും തമ്മിലുള്ള തര്ക്കം ഏറെയും നിലനില്ക്കുന്നത്. ഭാവിയില് പലസ്തീന് രാഷ്ട്രം സാധ്യമായാല് കിഴക്കന് ജെറുസലേമിനെ തങ്ങളുടെ തലസ്ഥാനമാക്കാനാണ് പലസ്തീനികളുടെ പദ്ധതി. സമാധാനചര്ച്ചകളില് പലസ്തീന് മുന്നോട്ട് വച്ച പ്രധാന അജണ്ടയും കിഴക്കന് ജെറുസലേം തന്നെ. ജെറുസലേമിനെ വിഭജിച്ചുകൊണ്ടുള്ള സമാധാനശ്രമങ്ങള് തള്ളികളഞ്ഞ ഇസ്രായേല് പ്രധാനമന്ത്രിയുടെ പ്രസ്താവനയോടെ,

അമേരിക്കന് മധ്യസ്ഥതയില് ഇരുകൂട്ടരും തമ്മില് നടക്കുന്ന ചര്ച്ചകളുടെ ഭാവിയും കൂടുതല് അനിശ്ചിതത്വത്തിലാക്കിരിക്കുകയാണ്.

ജറുസലേമിനെ വിഭജിച്ച് പലസ്തീനികള്ക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങള് അവര്ക്ക് നല്കണമെന്ന ഇസ്രായേല് പ്രതിരോധമന്ത്രി യെഹൂദ് ബാരാക്കിന്റെ പ്രസ്താവന ഇസ്രായേല് സര്ക്കാരിന്റെ ഔദ്യോഗിക നിലപാടല്ലെന്നും മറിച്ച് അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമാണെന്നുമായിരുന്നു സംഭവത്തെ പറ്റിയുള്ള ഇസ്രായേല് സര്ക്കാരിന്റെ ഔദ്യോഗിക പ്രതികരണം. ജെറുസലേം സംബന്ധിച്ച് നിലവിലുള്ള അന്താരാഷ്ട്രനിയമങ്ങളില് നിന്നും അന്താരാഷ്ട്ര തീരുമാനങ്ങളില് നിന്നും ഒഴിഞ്ഞുമാറുന്ന സമീപനമാണ് ജെറുസലേം വിഭജിക്കാന് അനുവദിക്കില്ലെന്ന ഇസ്രായേല് പ്രധാനമന്ത്രിയുടെ പ്രസ്താവനയുടെ ഉള്ളടക്കമെന്ന് പലസ്തീന് വക്താവ് അറിയിച്ചു. പ്രസ്താവന മൂലം ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങള് കൂടി അദ്ദേഹം മനസിലാക്കുന്നത് നന്നായിരിക്കുമെന്നും പലസ്തീന് വക്താവ് കൂട്ടിച്ചേര്ത്തു.

ഇരുകൂട്ടരും തമ്മിലുള്ള വാദപ്രതിവാദങ്ങള്ക്കിടയിലും സമാധാനചര്ച്ചകള് തുടരുന്നതിനായി അമേരിക്കന് പ്രതിനിധി ജോര്ജ് മിഷേല് ഇസ്രായേല് -പലസ്തീന് നേതാക്കളുമായി വരും ദിവസങ്ങളില് ചര്ച്ചനടത്തുന്നുണ്ട്.